പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 333

# 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 333

# 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

173/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 333

# 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

## 1956-ലെ ഹിന്ദു പിൻതുടർച്ച ആക്റ്റ് കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1956-ലെ ഹിന്ദു പിൻതുടർച്ച ആക്റ്റ് (1956-ലെ 30-ാം കേന്ദ്ര ആക്റ്റ്) കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 15-ാം വകുപ്പിന്റെ ഭേദഗതി.—1956-ലെ ഹിന്ദു പിൻതുടർച്ച ആക്റ്റിൽ (1956-ലെ 30-ാം കേന്ദ്ര ആക്റ്റ്), 15-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന്റെ (ഖ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഗ) ഒരു ഹിന്ദു സ്ത്രീക്ക് അവളുടെ മുൻപ് മരിച്ച പുത്രനിൽനിന്നും അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റ് അനന്തരാവകാശികൾക്ക് അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും എന്നാൽ മുൻപ് മരിച്ച ഏത് പുത്രനിൽ നിന്നാണോ അവൾക്ക് വസ്തു അനന്തരാവകാശമായി ലഭിച്ചത് ആ പുത്രന്റെ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതും ആകുന്നു.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1956-ലെ ഹിന്ദു പിൻതുടർച്ച ആക്റ്റിന്റെ (1956-ലെ 30-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പുപ്രകാരം, മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദുപുരുഷന്റെ വസ്തു, ഒന്നാമതായി പട്ടികയിലെ ക്ലാസ് I-ൽ വിനിർദ്ദേശിച്ചിട്ടുള്ള പുത്രൻ, പുത്രി, വിധവ, മാതാവ് മുതലായ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതാകുന്നു. മുൻപ് മരിച്ച പുത്രനിൽനിന്നും വസ്തു സംക്രമിച്ചിട്ടുള്ള മാതാവ് മരണശാസനം കൂടാതെ മരിക്കുന്നപക്ഷം ആ വസ്തു, മുൻപ് മരിച്ച പുത്രന്റെ ഭാര്യയെയും മക്കളെയും കൂടാതെ വീണ്ടും പ്രസ്തുത ആക്റ്റിലെ 15-ഉം 16-ഉം വകുപ്പുകളിൽ വിനിർദ്ദേശിച്ചപ്രകാരം മാതാവിന്റെ മറ്റ് അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതാണ്. അപ്രകാരം, മുൻപ് മരിച്ച പുത്രനിൽനിന്നും മാതാവിന് കിട്ടിയ ഓഹരി, മുൻപ് മരിച്ച പുത്രന്റെ ഭാര്യയും മക്കളും അല്ലാത്ത അവളുടെ മറ്റ് അനന്തരാവകാശികളിലേക്കുകൂടി സംക്രമിക്കുന്നതാണ്. ഇത് അങ്ങനെ മുൻപ് മരിച്ച പുത്രന്റെ ഭാര്യയ്ക്കും മക്കൾക്കും എതിരേയുള്ള ഒരു അനീതിയാകുന്നു. മുൻപ് മരിച്ച പുത്രനിൽ നിന്നും മാതാവിന് കിട്ടിയ ഓഹരി, അവളുടെ മരണശേഷം, മുൻപ് മരിച്ച പുത്രന്റെ ഭാര്യയ്ക്കും മക്കൾക്കും മാത്രം സംക്രമിക്കുന്നതാണെന്ന രീതിയിൽ പ്രസ്തുത ആക്റ്റിലെ 15-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതനുസരിച്ച്, പ്രസ്തുത ആക്റ്റിലെ 15-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് മുകളിൽ പറഞ്ഞ രീതിയിൽ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി

# 1956-ലെ ഹിന്ദു പിൻതുടർച്ച ആക്റ്റിലെ (1956-ലെ 30-ാം കേന്ദ്ര ആക്റ്റ്) പ്രസക്തഭാഗങ്ങൾ

** ** ** **

8. <u>പുരുഷൻമാരുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ</u>.—മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു പുരുഷന്റെ വസ്തു,—

(ക) ഒന്നാമത്, പട്ടികയിലെ ക്ളാസ് I-ൽ വിനിർദ്ദേശിച്ചിട്ടുള്ള സംബന്ധികളായ അനന്തരാവകാശികളിലേക്കും;

(ഖ) രണ്ടാമത്, ക്ളാസ് I-ൽ യാതൊരു അനന്തരാവകാശിയും ഇല്ലെങ്കിൽ പട്ടികയിലെ ക്ളാസ് II-ൽ വിനിർദ്ദേശിച്ചിട്ടുള്ള സംബന്ധികളായ അനന്തരാവകാശികളിലേക്കും;

(ഗ) മൂന്നാമത്, ഈ രണ്ട് ക്ളാസ്സുകളിൽ ഏതെങ്കിലുമുള്ള യാതൊരു അനന്തരാവകാശിയുമില്ലെങ്കിൽ, മരിച്ച ആളുടെ ജ്ഞാതികളിലേക്കും;

(ഘ) അവസാനമായി, ജ്ഞാതികൾ ആരുമില്ലെങ്കിൽ മരിച്ച ആളുടെ ബന്ധുക്കളിലേക്കും;

ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ അനുസരിച്ച് സംക്രമിക്കുന്നതാകുന്നു.

** ** ** **

15. <u>ഹിന്ദു സ്ത്രീകളുടെ സംഗതിയിൽ പിൻതുടർച്ചയുടെ സാമാന്യ ചട്ടങ്ങൾ</u>.—(1) മരണശാസനം കൂടാതെ മരിക്കുന്ന ഒരു ഹിന്ദു സ്ത്രീയുടെ വസ്തു, 16-ാം വകുപ്പിൽ ചേർത്തിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച്,—

(ക) ഒന്നാമത്, പുത്രൻമാരിലേക്കും പുത്രിമാരിലേക്കും (മുൻപ് മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) ഭർത്താവിലേക്കും;

(ഖ) രണ്ടാമത്, ഭർത്താവിന്റെ അനന്തരാവകാശികളിലേക്കും;

(ഗ) മൂന്നാമത്, മാതാവിലേക്കും പിതാവിലേക്കും;

(ഘ) നാലാമത്, പിതാവിന്റെ അനന്തരാവകാശികളിലേക്കും;

(ങ) അവസാനമായി, മാതാവിന്റെ അനന്തരാവകാശികളിലേക്കും, സംക്രമിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ഒരു ഹിന്ദു സ്ത്രീക്ക് അവളുടെ പിതാവിൽ നിന്നോ മാതാവിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, മരിച്ച ആളുടെ ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ (മുൻപ് മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) അഭാവത്തിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റ് അനന്തരാവകാശി കളിലേക്ക്, അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും, എന്നാൽ പിതാവിന്റെ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതും;

(ഖ) ഒരു ഹിന്ദു സ്ത്രീക്ക്, അവളുടെ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ പിതാവിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു, മരിച്ച ആളുടെ ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ (മുൻപ് മരിച്ച ഏതെങ്കിലും പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ ഉൾപ്പെടെ) അഭാവത്തിൽ (1)-ാംഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റ് അനന്തരാവകാശികൾക്ക് അതിൽ വിനിർദ്ദേശിച്ച ക്രമത്തിൽ സംക്രമിക്കുന്നതല്ലാത്തതും എന്നാൽ ഭർത്താവിന്റെ അനന്തരാവകാശികളിലേക്ക് സംക്രമിക്കുന്നതും ആകുന്നു.

16. ഹിന്ദു സ്ത്രീകളുടെ അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമവും വീതിക്കുന്ന രീതിയും.—15-ാം വകുപ്പിൽ പരാമർശിച്ച അനന്തരാവകാശികൾക്കിടയിലെ പിൻതുടർച്ചാക്രമവും ആ അനന്തരാവകാശികൾക്കിടയിൽ മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തുവിന്റെ വീതിക്കൽ നടത്തുന്നതും താഴെ പറയുന്ന ചട്ടങ്ങൾ അനുസരിച്ചായിരിക്കുന്നതാണ്, അതായത്:—

ചട്ടം 1.—15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള അനന്തരാവകാശി കൾക്കിടയിൽ, ഒരു ഉൾക്കുറിപ്പിൽ ഉള്ളവർക്ക് തുടർന്നുവരുന്ന ഉൾക്കുറിപ്പിൽ ഉള്ളവരേക്കാൾ മുൻഗണന കിട്ടുന്നതും ഒരേ ഉൾക്കുറിപ്പിൽ ഉള്ളവർ ഒരുമിച്ച് എടുക്കുന്നതും ആകുന്നു.

ചട്ടം 2.—മരണശാസനം കൂടാതെ മരിച്ച ആൾക്ക് മുൻപ് ആ ആളുടെ ഏതെങ്കിലും പുത്രനോ പുത്രിയോ മരിച്ചിട്ടുണ്ടാവുകയും അവന്റെയോ അവളുടെയോ കുട്ടികൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരിക്കുകയും ചെയ്യുകയാണെങ്കിൽ, മരണശാസനം കൂടാതെ മരിച്ച ആളുടെ മരണസമയത്ത് ജീവിച്ചിരുന്നുവെങ്കിൽ അങ്ങനെയുള്ള പുത്രനോ പുത്രിയോ എടുക്കുമായിരുന്ന ഓഹരി, അങ്ങനെയുള്ള പുത്രന്റെയോ പുത്രിയുടെയോ കുട്ടികൾ എല്ലാവരുംകൂടി എടുക്കുന്നതാകുന്നു.

ചട്ടം 3.—15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് (ഖ), (ഘ), (ങ) എന്നീ ഖണ്ഡങ്ങളിലും (2)-ാം ഉപവകുപ്പിലും പരാമർശിച്ച അനന്തരാവകാശികളിലേക്ക് മരണശാസനം കൂടാതെ മരിച്ച ആളുടെ വസ്തു സംക്രമിക്കുന്നത്, ആ വസ്തു, അതതു സംഗതിപോലെ, പിതാവിന്റെയോ മാതാവിന്റെയോ ഭർത്താവിന്റെയോ ആയിരിക്കുകയും അങ്ങനെയുള്ള ആൾ മരണശാസനം കൂടാതെ മരിച്ച ആളുടെ മരണത്തിന് തൊട്ടു പിൻപ് ആ വസ്തു സംബന്ധിച്ച് മരണശാസനം കൂടാതെ മരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ബാധകമാകുമായിരുന്ന അതേ ക്രമത്തിലും അതേ ചട്ടങ്ങൾ അനുസരിച്ചും ആയിരിക്കുന്നതാണ്.

**　　　**　　　**　　　**

## പട്ടിക

(8-ാം വകുപ്പ് കാണുക)

## ക്ലാസ് I-ലെയും ക്ലാസ് II-ലെയും അനന്തരാവകാശികൾ

### ക്ലാസ് I

പുത്രൻ; പുത്രി; വിധവ; മാതാവ്; മുൻപ് മരിച്ച പുത്രന്റെ പുത്രൻ; മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രിയുടെ പുത്രൻ; മുൻപ് മരിച്ച പുത്രിയുടെ പുത്രി; മുൻപ് മരിച്ച പുത്രന്റെ വിധവ; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ പുത്രൻ; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ വിധവ; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രിയുടെ പുത്രൻ; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രിയുടെ പുത്രി; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രിയുടെ പുത്രി.

**　　　**　　　**　　　**

---